**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973** **01-09-2022 - ൽ മറുപടിയ്ക്ക്**

**എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയിൽ നിന്നുള്ള നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2020 നവംബറിൽ പി.എസ്.സി. പ്രസിദ്ധീകരിച്ച എൽ.ഡി. ടൈപ്പിസ്റ്റ് (വിവിധം) (കാറ്റഗറി നമ്പർ 280/2018) റാങ്ക് പട്ടികയിൽ നിന്നും വിവിധ ജില്ലകളിൽ ഇതുവരെ എത്ര നിയമനങ്ങൾ നടന്നു; വിശദമാക്കാമോ; | (എ) | എൽ ഡി ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 280/2018) തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നിയമനശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 127 |
| കൊല്ലം | 63 |
| പത്തനംതിട്ട | 62 |
| ആലപ്പുഴ | 57 |
| കോട്ടയം | 84 |
| ഇടുക്കി | 70 |
| എറണാകുളം | 124 |
| തൃശ്ശൂർ | 79 |
| പാലക്കാട് | 69 |
| മലപ്പുറം | 67 |
| കോഴിക്കോട് | 86 |
| വയനാട് | 46 |
| കണ്ണൂർ | 68 |
| കാസറഗോഡ് | 41 |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ മൊത്തം ജില്ലകളിലും വിവിധ വകുപ്പുകളിലായി പ്രസ്തുത തസ്തികയിൽ എഴുപതോളം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വളരെ കുറഞ്ഞ നിയമനം മാത്രം നടക്കുന്ന എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ വിവിധ വകുപ്പുകളിൽ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എസ്.സി മുഖേന നികത്തേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് കൃത്യമായി പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് |

| | | | |
|---|---|---|---|
| | ഒഴിവുകൾ തടഞ്ഞുവയ്ക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ (ജലസേചന വകുപ്പ്-5, വനിതാ ശിശു വികസന വകുപ്പ്-3, ഗ്രാമവികസന/തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ്-3, ജി.എസ്.ടി. വകുപ്പ്-2) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് (LID & EW) വിഭാഗത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ചരക്ക് സേവന നികുതി (GST) വകുപ്പ്, ജലസേചന വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. |
| (ഇ) | മേൽ ഒഴിവുകൾ നിലവിൽ വന്ന് മാസങ്ങളായിട്ടും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ് ; അവ എത്രയും പെട്ടെന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് (LID & EW) വിഭാഗത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ചരക്ക് സേവന നികുതി (GST) വകുപ്പ്, ജലസേചന വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ